No.Icps5/8042/14

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ,തിരുവനന്തപുരം
തീയതി: 23.04.15

## സർക്കുലർ

വിഷയം:- ICPS - DCPU ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്തുന്നത് സംബന്ധിച്ച്

പരാമർശം:- 1.ഈ ഓഫീസിലെ 12.01.15 തിയ്യതിയിലെ ഇതേ നമ്പർ സർക്കുലർ
2.പത്തനംതിട്ട dcpo യുടെ 07.04.15 തിയ്യതിയിലെ Dcpu/pta/127/15 നമ്പർ കത്ത്

സംസ്ഥാനത്തെ ഡി സി പി യു കളിൽ ഒഴിവുള്ള തസ്തികകളിലേക്കുള്ള നിയമനം നടത്തുന്നതു സംബന്ധിച്ച് സൂചന 1 പ്രകാരം സർക്കുലർ നൽകിയിരുന്നു.സൂചന രണ്ടിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന കാര്യങ്ങൾ കൂടി നിയമന കാര്യങ്ങൾ സുഗമമാക്കുന്നതിനായി ശ്രദ്ധിക്കേണ്ടതാണ് .

1. വിവിധ ജില്ലകളിലെ ശിശു സംരക്ഷണ യൂണിറ്റുകളിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള എഴുത്ത് പരീക്ഷ, ഇന്റർവ്യൂ എന്നിവ സംബന്ധിച്ച പൂർണ്ണ ചുമതല ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർക്കായിരിക്കും.
2. ജില്ലാ തലത്തിൽ ഒബ്ജക്ടിവ് മാതൃകയിലുള്ള എഴുത്ത് പരീക്ഷ,ഇന്റർവ്യൂ എന്നിവ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.
3. എഴുത്തു പരീക്ഷ സംബന്ധിച്ച് ചോദ്യപേപ്പർ തയ്യാറാക്കൽ ,അവയുടെ സൂക്ഷിപ്പ് ഇൻവിജിലേറ്ററെ നിയോഗിക്കൽ ,ഉത്തര പേപ്പർ പരിശോധന തുടങ്ങിയ കാര്യങ്ങൾ ജില്ലാ തലത്തിൽ തന്നെ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടതാണ് .
4. പരീക്ഷ നടത്തിപ്പിനു ആവശ്യമായ തുക ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾക്ക് അഡമിനിസ്ട്രേറ്റീവ് ചിലവുകൾക്ക് അനുവദിച്ച തുകയിൽ നിന്നും വഹിക്കാവുന്നതാണ് .
5. നിയമനം എത്രയും പെട്ടെന്ന് നടത്തിയതിനുശേഷം ആ വിവരം ഈ കാര്യാലയത്തിലേക്ക് അറിയിക്കേണ്ടതാണ്.

സാമൂഹ്യ നീതി ഡയറക്ടർക്കുവേണ്ടി

എല്ലാ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർക്കും

പകർപ്പ്:-

1. ICPS-4
2. സ്റ്റോക്ക് ഫയൽ